മെട്രോ വാർത്ത

02 December 2018

# ശാസ്ത്ര സമൂഹത്തിന്റെ നേട്ടങ്ങൾ നിരവധി: സി.വി. ആനന്ദബോസ്

കൊച്ചി: സ്വതന്ത്ര ഇന്ത്യയിൽ ശാസ്ത്ര സമൂഹം സമ്മാനിച്ച നേട്ടങ്ങൾ നിരവധിയാണെന്ന് മുൻ കേന്ദ്ര സെക്രട്ടറി ഡോ. സി.വി. ആനന്ദ ബോസ്. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) 21 ദിവസത്തെ വിന്റർ സ്കൂൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയിൽ പട്ടിണി ഇല്ലായ്മ ചെയ്യാൻ സഹായിച്ചത് ദേശീയ കാർഷിക ഗവേഷണ കേന്ദ്രത്തിനു (ഐസിഎആർ) കീഴിലുള്ള ശാസ്ത്രജ്ഞരാണ്. സ്വതന്ത്ര ഇന്ത്യയിലെ അഭിമാനകരമായ നേട്ടങ്ങളിലൊന്നാണ് ഹരിത വിപ്ലവം. ഭക്ഷ്യ കാർഷിക മേഖലയിൽ പുരോഗതി നേടാൻ ഇത് സഹായകരമായി. ശാസ്ത്രജ്ഞർ ലബോറട്ടറികളിൽ നടത്തുന്ന നിശബ്ധ സേവനങ്ങളാണ് രാജ്യത്തിന്റെ യശസ് ഉയർത്തുന്നത്. രാജ്യം ഇപ്പോൾ നീലവിപ്ലവത്തിന്റെ (ബ്ലൂ റവല്യൂഷൻ) പാതയിലാണ്. സമുദ്രസമ്പത്ത് കാര്യക്ഷമമായി വിനിയോഗിക്കാൻ സാധിച്ചാൽ ഭക്ഷ്യമേഖലയിൽ രാജ്യം കൂടുതൽ കരുത്താർജ്ജിക്കും.



*സിഎംഎഫ്ആർഐ സംഘടിപ്പിക്കുന്ന വിന്ററർ സ്കൂളിന്റെ ഉദ്ഘാടനം മുൻ കേന്ദ്ര സെക്രട്ടറി ഡോ സി വി ആനന്ദ ബോസ് ഉദ്ഘാടനം ചെയ്യുന്നു.*

പ്രളയകാലത്ത് ജീവൻ രക്ഷിക്കാൻ മുന്നിട്ടിറങ്ങിയ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ കാണാതെ പോകരുത്. ഇവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികളുണ്ടാകണം. തീരദേശ ആവാസവ്യവസ്ഥയിലുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഗൗരവത്തോടെ കാണണം. കടലിൽ കാണപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ആധിക്യം മത്സ്യമേഖലയുടെ വളർച്ചയെ ദോഷകരമായി ബാധിക്കുമെന്നും മേഘാലയ സർക്കാരിന്റെ ഉപദേശഷ്ടാവ് കൂടിയായ അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. മീനുകളുടെ ജീവശാസ്ത്രം, ജൈവവൈവിധ്യം, സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഗവേഷകർക്ക് പരിശീലനം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് ഐസിഎആറിന്റെ സഹകരണത്തോടെ സിഎംഎഫ്ആർഐ വിന്റർ സ്കൂളിന് തുടക്കമിട്ടത്. കേരളത്തിനു പുറമെ, ജമ്മു കാശ്മീർ, ഉത്തർപ്രദേശ്, ഗുജറാത്ത്, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഗോവ, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുള്ള ഗവേഷകരാണ് വിന്റർ സ്കൂളിൽ പങ്കെടുക്കുന്നത്. കോഴ്സ് ഡയറക്ടർ ഡോ. രേഖ ജെ. നായർ, കോർഡിനേറ്റർ ഡോ. വി. മഹേഷ് എന്നിവർ സംസാരിച്ചു.